# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി7/471 /22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 03/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.(എയിംസിൽ)
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കണ്ണൂർ ജില്ല.(ഇ-മെയിൽ വഴി)
3.കാര്യാലയ പ്രതി.

നമ്പർ: കെഎസ്എ/കെഎൻആർ/സി7/471 /22 തീയ്യതി: 03/06/2022

## കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-07-2020 മുതൽ 06-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 21-07-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 23-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2022 | 23-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷഹീൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിജു.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ.രാജീവൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ജയ് മോൻ എബ്രഹാം | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ.ഉണ്ണികൃഷ്ണൻ.സി., ജോയിന്റ് ബി.ഡി.ഒ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 24-06-2019 |
| ശ്രീ.അഭിഷേക് കുറുപ്പ് | സെക്രട്ടറി | 25-06-2019 | 03-08-2019 |
| ശ്രീ.ഉണ്ണികൃഷ്ണൻ.സി., ജോയിന്റ് ബി.ഡി.ഒ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2019 | 15-09-2019 |
| ശ്രീ.അഭിഷേക് കുറുപ്പ് | സെക്രട്ടറി | 16-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിഷ്ണു.എസ്.നായർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. നിഷാദ്.വി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷൈന.വി.പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷെർളി.ടി.കെ | ശിശു വികസന പ്രോജക്ട് ഓഫീസർ,തലശ്ശേരി | 01-04-2019 | 19-12-2019 |
| | | 14-01-2020 | 31-03-2020 |
| ശ്രീമതി.ലക്ഷ്മി കേളോത്ത് | ശിശു വികസന പ്രോജക്ട് ഓഫീസർ,തലശ്ശേരി | 20-12-2019 | 13-01-2020 |
| ശ്രീമതി.ലക്ഷ്മി കേളോത്ത് | ശിശു വികസന പ്രോജക്ട് ഓഫീസർ,തലശ്ശേരി(അഡിഷണൽ) | 01-04-2019 | 04-06-2019 |
| | | 21-07-2019 | 31-03-2020 |
| ശ്രീമതി.ഷെർളി.ടി.കെ | ശിശു വികസന പ്രോജക്ട് ഓഫീസർ,തലശ്ശേരി(അഡിഷണൽ) | 05-06-2019 | 20-07-2019 |
| ശ്രീമതി.ദീപ്തി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രശ്മി പനോളി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.സതീശൻ കോടഞ്ചേരി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Pradeep Kumar M (Audit Officer, On 01-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Pradeep Kumar M (Audit Officer, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar M (Audit Officer, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 01-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-7 |
| 9 | താല്ക്കാലിക ഡ്രൈവർക്ക് ദിവസ വേതനം - സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 32,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Pradeep Kumar M (Audit Officer, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-06-2022) | 1-8 |
| 10 | വനിതാ വിശ്രമകേന്ദ്രം നിർമ്മാണം-അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 31-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-9 |
| 11 | ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി കൈമാറിയ തുകകൾ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-10 |
| 12 | കറവ പശുക്കൾക്ക് കാലിതീറ്റ ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഒരേ പ്രോജക്ട് നടപ്പിലാക്കി- ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി നൽകിയോ എന്ന് പരിശോധിക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-11 |
| 13 | കറവ പശു വിതരണം സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-12 |
| 14 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-13 |
| 15 | ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ മുച്ചക്ര വാഹനം - കരാറിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-14 |

| | | |
|---|---|---|
| | Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-06-2022) | |
| 16 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-06-2022) | 1-15 |
| 17 | ഡി ടി പി സെന്റർ നിലവിലുള്ള സഹകരണ സ്ഥാപനത്തിന് സബ്സിഡി അനുവദിച്ചതിലെ അപാകങ്ങൾ - ₹ 3,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-16 |
| 18 | ചക്ക സംസ്കരണ യൂണിറ്റ് പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ-₹ 8,20,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-17 |
| 19 | വിവിധ ഉൽപാദന യൂണിറ്റുകൾ - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-06-2022) | 1-18 |
| 20 | ഐ.കെ.എം.ന് പ്രവർത്തന ഫണ്ട് വകയിരുത്തൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 28-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 28-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 28-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 28-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 28-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 28-03-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 28-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar M (Audit Officer, On 01-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 23-2-2019 തീയതിയിലെ 157/2019 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹24,30,710 |
| വരവ് | ₹20,78,41,500 |
| ആകെ | ₹21,02,72,210 |
| ചെലവ് | ₹20,38,98,300 |
| നീക്കിയിരിപ്പ് | ₹63,73,910 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 01-06-2020 | തിരിച്ചയച്ചിട്ടില്ല | -- |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- വാടക വരവ് രജിസ്റ്റർ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല.

2- വാടക വരവ് കുടിശ്ശിക 2018 -19 ബാലൻസ് ഷീറ്റ് ബി- 15 ഷെഡ്യൂൾ പ്രകാരം 0 ആണ്. എന്നാൽ 2019-20 റെസീറ്റ് & പേയ്മെന്റ് ആർ പി 43 ഷെഡ്യൂൾ പ്രകാരം 33,430 അരിയർ കളക്ഷനായി കാണിച്ചിട്ടുണ്ട്. കുടിശ്ശിക നീക്കിയിരിപ്പായി 27690 ( 2019-20 ബാലൻസ് ഷീറ്റ് ബി- 15 ഷെഡ്യൂൾ) രേഖപ്പെടുത്തിയിട്ടുണ്ട്.

3- വാടക വരവ് തൻവർഷ ഡിമാന്റ് ഇൻകം ആന്റ് എക്സ്പെന്റീച്ചർ I-3 ഷെഡ്യൂൾ പ്രകാരം 1,70,880 ആണ്. തൻവർഷ കളക്ഷൻ റെസീറ്റ് &പേയ്മെന്റ് ആർ പി 43 ഷെഡ്യൂൾ പ്രകാരം 81,200 ആണ്. ഇത് പ്രകാരം നീക്കിയിരിപ്പായി കാണിക്കേണ്ടത് 89680 ആണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി- 15 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 85420 ആണ്.

4- വികസനഫണ്ട് ജനറൽ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 2,84,22,640 രൂപയും, സുലേഖ വാർഷിക ചെലവ് പത്രിക പ്രകാരം 2,75,87,640 രൂപയും,വാർഷിക കണക്ക് പ്രകാരം (I-6 ഷെഡ്യൂൾ) 2,40,25,115 രൂപയുമാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

5- പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച് തൻവർഷം നീക്കിയിരിപ്പുള്ള തുക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഐ.എ.വൈ അഡീഷണൽ - 86,864).

6 ആസ്തി രജിസ്റ്റർ പൂർണമല്ല.

7- പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയത്തെ കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

8- അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9- ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിന് അനുസൃതമായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

10- ഐ.എ.വൈ അഡീഷണൽ അക്കൗണ്ട് പലിശ പ്രസ്തുത ശീർഷകത്തിൽ വരവിലെടുത്തിട്ടില്ല.

11- കേന്ദ്ര, സംസ്ഥാന, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, വിവിധ ഏജൻസികൾ എന്നിവയിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളുടെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ ഫണ്ടുകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹14369742 |
| വരവ് | ₹36872752 |
| ആകെ | ₹51242494 |
| ചെലവ് | ₹37683942 |
| നീക്കിയിരിപ്പ് | ₹13558552 |

| | |
|---|---|
| നിരാകരിച്ച തുക | ഇല്ല |
| തടസപ്പെടുത്തിയ തുക | 1352200 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,48,80,000 | 3,48,80,000 | 28422640 | 6457360 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 26,56,000 | 26,56,000 | 12,45,000 | 14,11,000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3,97,000 | 3,97,000 | 75,000 | 3,22,000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 45,66,000 | 45,66,000 | 19,62,753 | 26,03,247 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ് ജെ എസ് വൈ | 1042 | 36 | 1078 | 0 | 1078 |
| ഐ.എ.വൈ (അഡീഷണൽ) | 348048 | 29589 | 377637 | 290773 | 86664 |
| ഐ.എ.വൈ ജനറൽ | 71302 | 2345 | 73467 | 73467 | 0 |
| ഐ സി ഡി എസ് | 1902773 | 0 | 1902773 | 0 | 1902773 |
| പൈക്ക | 597429 | 23477 | 620906 | 0 | 620906 |

കേന്ദ്ര, സംസ്ഥാന, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, വിവിധ ഏജൻസികൾ എന്നിവയിൽനിന്ന് ലഭിക്കുന്ന ഫണ്ടുകളുടെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിൽ ലഭിച്ച ഫണ്ടുകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. അതിനാൽ മുഴുവൻ ഫണ്ടുകളും മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2019-20 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 92 | ₹8,31,54,658 | 62 | ₹3,11,15,674 | 12 | 30 | 54 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതി | നടപ്പാക്കിയ പദ്ധതി | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | കളുടെ എണ്ണം | കളുടെ എണ്ണം | ₹ | ₹ | |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 23 | 4,92,06,489 | 1,48,00,839 | 30 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 3 | 4672751 | 1113813 | 24 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 7 | 5 | 83,91,845 | 25,42,210 | 30 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 9 | 8 | 40,17,748 | 38,58,718 | 96 |
| ശിശു വികസന പ്രോജക്ട് ഓഫീസർ | 10 | 10 | 32,92,422 | 31,44,310 | 96 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 | 5 | 22,26,272 | 21,44,651 | 96 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 15 | 5 | 72,36,881 | 21,91,133 | 30 |
| വ്യവസായ വികസന ഓഫീസർ | 6 | 3 | 41,10,250 | 13,20,000 | 32 |
| | 92 | 62 | 8,31,54,658 | 3,11,15,674 | 37 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-03-2022 തീയതിയിൽ 12.20 PM ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറേക്കൂടി മെച്ചപ്പെടേണ്ടതായിട്ടുണ്ട്. പ്രോജക്ട് നിർവഹണ പുരോഗതി ഭരണസമിതി യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും മോണിറ്റർ ചെയ്യുന്നില്ലെന്നാണ് മിനട്സ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വരവ്, വിനിയോഗം, നീക്കിയിരിപ്പ് എന്നിവ നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഫണ്ടുകൾ ഏത് ആവശ്യങ്ങൾക്കായി ലഭിച്ചതാണെന്നറിയാനോ, അവയുടെ വിനിയോഗം, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാനോ കഴിയാത്ത അവസ്ഥയാണുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ, കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-8 താല്ക്കാലിക ഡ്രൈവർക്ക് ദിവസ വേതനം - സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 32,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1) വൗച്ചർ നം-12 /2019-20,തീയതി-15-05-2019, ചെക്ക് നം-5550802, തീയതി- 15-05-2019

തുക-16,800

2) വൗച്ചർ നം-15 /2019-20,തീയതി-15-05-2019, ചെക്ക് നം-5550805, തീയതി- 15-05-2019

തുക- 15,400

2019 ലെ ലോകസഭ ഇലക്ഷന് 01-04-2019 മുതൽ24-04-2019 വരെ ഡ്രൈവറായി ഇലക്ഷൻ ഡ്യൂട്ടിയിലുണ്ടായിരുന്ന തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ താല്ക്കാലിക ഡ്രൈവർ ശ്രീ. അക്ഷയ്.വി.കെ. ക്ക് ദിവസ വേതനമിനത്തിൽ വൗച്ചർ നം-12 /2019-20,തീയതി-15-05-2019 പ്രകാരം 16,800 രൂപയും, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ താല്കാലിക ഡ്രൈവർ ശ്രീ. വിപിൻ.പി ക്ക് ദിവസ വേതനമിനത്തിൽ വൗച്ചർ നം-15 /2019-20,തീയതി-15-05-2019 പ്രകാരം 15,400 രൂപയും ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. എന്നാൽ ഇലക്ഷൻ വിഭാഗത്തിൽ നിന്ന് മേൽ ജീവനക്കാർ തുക കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം വൗച്ചറിനോടൊപ്പമില്ല. സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-15/23-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ രണ്ട് പ്രാവശ്യം വേതനം നലികിയിട്ടില്ലെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലെ 32,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇലക്ഷൻ വിഭാഗത്തിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-9 വനിതാ വിശ്രമകേന്ദ്രം നിർമ്മാണം-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 95/20, വനിതാ വിശ്രമകേന്ദ്രം നിർമ്മാണം |
| അടങ്കൽ തുക | 1400000 (വികസന ഫണ്ട്) |
| ചെലവ് തുക: | 1257867 (വികസന ഫണ്ട്) |
| Bill No. | 379618/31/3/18 -139407<br>287636/28/6/19- 118460 |
| MB NO. | 28/17-18, 44/17-18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1)പ്രസ്തുത പ്രവൃത്തിയിൽ എം ബുക്ക് പേജ് (2),ഇനം നമ്പർ 2 ആയി Felling Trees Of The Girth.....3 Nos എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ ഇവ ഏതുതരം മരം ആണെന്നോ, അതിന്റെ അളവ് എത്രയെന്നോ, ഇവ എന്ത് ചെയ്തു എന്നോ ഉള്ള വിവരം ലഭ്യമല്ല.

2) പ്രവൃത്തി ഏറ്റെടുത്തു നടത്തുന്ന പിക്കോസ് പിണറായി എന്ന സ്ഥാപനത്തിന്റെ 22/11/2017 തീയതിയിലെ കത്തിൽ പ്രവൃത്തി സ്ഥലത്തുള്ള ചന്ദന മരത്തിന്റെ കുറ്റി മാറ്റാൻ ആവശ്യപ്പെട്ടു കൊണ്ട് കത്ത് നൽകിയിട്ടുണ്ട്. ഈ ചന്ദന മരത്തിന്റെ കുറ്റിയുടെ അളവ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇവിടെയുണ്ടായിരുന്ന ചന്ദന മരത്തിന്റെ വിവരങ്ങളോ വനംവകുപ്പിന്റെ അനുമതിപ്രകാരം ചന്ദനമരം, അതിന്റെ കുറ്റി എന്നിവ ഉചിതമായി കൈകാര്യം ചെയ്തതിന്റെ രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

3) ഈ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 31/3/2018 ആണ് എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 2-6-2018നാണ്. കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധിക സമയം അനുവദിച്ചതിന്റെ രേഖകളോ പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയത് സംബന്ധിച്ച് എം ബുക്കിലോ അന്തിമ ബില്ലിലോ രേഖപ്പെടുത്തിയതായോ കാണുന്നില്ല.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.11/23.03.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-10 ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി കൈമാറിയ തുകകൾ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷം നിർവഹണം നടത്തിയ താഴെ കാണിച്ച പ്രോജക്ടുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതമായി താഴെ പറയുന്ന തുകകൾ കൈമാറിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക / ഫണ്ടിനം | ബിൽ നം, തീയതി | ആർക്ക് നല്കി |
|---|---|---|---|---|---|
| 1 | 21/20 | മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ എഫ്.സി.ഐ ഗോഡൗൺ മുതൽ ഹൈസ്കൂൾ വരെ റോഡ് റീ ടാറിങ്ങിന് ബ്ലോക്ക് വിഹിതം നല്കൽ | 5,77,400 വികസന ഫണ്ട് (ജനറൽ) | 97/19-20, 27-09-2019 | സെക്രട്ടറി, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്. |

| | | | | | | |
|---|---|---|---|---|---|---|
| 2 | 14/20 | ലൈഫ്/പി.എം. എ.വൈ, ഭവന പദ്ധതി (ജനറൽ) | 75,07,200 വികസന ഫണ്ട് (ജനറൽ) | 99/19-20 27-09-2019 | 26,53,600 | സെക്രട്ടറി, ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| | | | | | 10,00,000 | സെക്രട്ടറി, എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്. |
| | | | | | 26,53,600 | സെക്രട്ടറി, ന്യൂമാഹി ഗ്രാമ പഞ്ചായത്ത്. |
| | | | | | 6,00,000 | സെക്രട്ടറി, വേങ്ങാട് ഗ്രാമ പഞ്ചായത്ത്. |
| | | | | | 6,00,000 | സെക്രട്ടറി, മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത്. |
| 3 | 20/20 | എരഞ്ഞോളി ഗ്രാമ പഞ്ചായ ത്തിലെ ചുങ്കം-കുടക്കളം റോഡ് നിർമ്മാണ ത്തിന് ബ്ലോക്ക് വിഹിതം നല്കൽ | 10,00,000 വികസന ഫണ്ട് (ജനറൽ) | 79/19-20, 27-08-2019 | സെക്രട്ടറി, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്. | |
| 4 | 75/20 | ന്യൂമാഹി പി.എച്ച്.സി.ക്ക് വിഹിതം നല്കൽ | 10,00,000 വികസന ഫണ്ട് (ജനറൽ) | 38/19-20 05-07-2019 | സെക്രട്ടറി, ന്യൂമാഹി ഗ്രാമപഞ്ചായത്ത്. | |
| 5 | 80/20 | ഗാർഹിക കുടിവെള്ള കണക്ഷൻ (പട്ടികജാതി) ബ്ലോക്ക് വിഹിതം നല്കൽ | 1,00,000 വികസന ഫണ്ട് (എസ്.സി.പി) | 80/27-08-2019 | സെക്രട്ടറി, വേങ്ങാട് ഗ്രാമ പഞ്ചായത്ത്. | |
| 6 | 79/20 | വീട് വാസയോഗ്യ മാക്കൽ (പട്ടികജാതി) ബ്ലോക്ക് വിഹിതം കൈമാറൽ | 75,000 വികസന ഫണ്ട് (എസ്.സി.പി) | 53/19-20 25-07-2019 | സെക്രട്ടറി, ന്യൂമാഹി ഗ്രാമ പഞ്ചായത്ത്. | |
| 7 | 78/20 | അഗതിരഹിത കേരളം - ബ്ലോക്ക് വിഹിതം നല്കൽ | 4,00,000 വികസന ഫണ്ട് (ജനറൽ) | 77/19-20, 21-08-2019 | 1,70,000 | സെക്രട്ടറി, പിണറായി ഗ്രാമ പഞ്ചായത്ത്. |
| | | | | | 2,30,000 | സെക്രട്ടറി, വേങ്ങാട് ഗ്രാമ പഞ്ചായത്ത്. |

| | | | | | | |
|---|---|---|---|---|---|---|
| 8 | 99/20 | ധർമ്മടം ഗ്രാമ പഞ്ചായത്തിലെ പൊതു ശ്മശാനത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് വിഹിതം നല്കൽ | 17,00,000 വികസന ഫണ്ട് (ജനറൽ) | 112/19-20 25-10-2019 | | സെക്രട്ടറി, ധർമ്മടം ഗ്രാമപഞ്ചായത്ത്. |
| 9 | 59/20 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിവിധ കോഴ്സുകൾക്കുള്ള സ്കോളർഷിപ്പ് വിഹിതം നല്കൽ | 2,25,000 വികസന ഫണ്ട് (എസ്.സി.പി) | 55/19-20 03-08-2019 | 1,00,000 | സെക്രട്ടറി, വേങ്ങാട് ഗ്രാമ പഞ്ചായത്ത്. |
| | | | | | 1,25,000 | സെക്രട്ടറി, ന്യൂമാഹി ഗ്രാമ പഞ്ചായത്ത്. |
| | | | 75,000 വികസന ഫണ്ട് (എസ്.സി.പി) | ലഭ്യമല്ല | 75,000 | സെക്രട്ടറി, പിണറായി ഗ്രാമ പഞ്ചായത്ത്. |

ബ്ലോക്ക് വിഹിതം ഇനത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകകൾ പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ കൈപ്പറ്റിയതായി തെളിയിക്കുന്ന കൈപ്പറ്റ് രസീതിയും, തുകയുടെ വിനിയോഗം വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യ പത്രവും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/18-03-2022) കൈപ്പറ്റ് രസീതിയും വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭ്യമാവുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നല്കിയിട്ടുള്ളത്. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-11 കറവ പശുക്കൾക്ക് കാലിതീറ്റ ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഒരേ പ്രോജക്ട് നടപ്പിലാക്കി- ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി നൽകിയോ എന്ന് പരിശോധിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ /പേര് | 30/2020കറവപശുക്കൾക്ക് കാലിത്തീറ്റ |
| അടങ്കൽ ₹ 42,64,400 | 2132200 വികസനഫണ്ട് ജനറൽ<br>2132200 ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹12,52,495 |
| ബിൽ നമ്പർ തീയതി | 3/30-10-2019 ₹2,06,735<br>6/29-11-2019 ₹1,72,900<br>7/23-01-2020 ₹1,60,965<br>8/ 23-01-2020 ₹2,06,700 |

| | |
|---|---|
| | 9/ 23-01-2020 ₹2,24,035<br>10/31-01-2020 ₹80,960<br>11/31-01-2020 ₹2,00,200 |

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 90/2020 കറവപശുക്കൾക്ക് കാലിത്തീറ്റ (സ്പിൽഓവർ) |
| അടങ്കൽ ₹ 26,12,445 | 514715 വികസനഫണ്ട് ജനറൽ<br>2097730 ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹5,14,715 |
| ബിൽ നമ്പർ തീയതി | 1/04-07-2019 ₹514715 |

മേൽ പ്രോജക്ടുകൾ പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിന് ₹12,52,495+₹5,14,715 = 17,67,210 സബ്സിഡി പിണറായി ക്ഷീരോല്പാദക സഹകരണ സംഘം, അഞ്ചരക്കണ്ടി ക്ഷീരോല്പാദക സഹകരണ സംഘം, പാതിരിയാട് ക്ഷീരോല്പാദക സഹകരണ സംഘം എന്നിവയ്ക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സ. ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.2.15 പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക ₹10000 ആണ്. ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി തുകയായ 10,000 ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തന്നെ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഇരട്ടിപ്പില്ലാതെ മേൽ പ്രോജക്ട് ഏറ്റെടുക്കാം എന്ന് വ്യകതമാക്കിയിട്ടുണ്ട്. ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്ത് മുഖാന്തിരം ക്ഷീര കർഷകർക്ക് കാലിത്തീറ്റ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. പിണറായി, അഞ്ചരക്കണ്ടി, വേങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ക്ഷീരകർഷകർക്ക് കാലിതീറ്റ സബ്സിഡി 2019-20 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/11-03-2022) അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പിണറായി, വേങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ തൻവർഷം കാലിത്തീറ്റ വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം ലഭിച്ചവർക്ക് തന്നെയാണോ ബ്ലോക്ക് പഞ്ചായത്ത് മുഖേന സബ്സിഡി നൽകിയതെന്ന് പരിശോധിച്ചിട്ടില്ല. ഇത് കാരണം സബ്സിഡി തുക ഇരട്ടിപ്പിന് സാധ്യതയുണ്ട്. ഇക്കാര്യം പരിശോധിച്ച് ₹10000ൽ അധികം സബ്സിഡി ഓരോ ഗുണഭോക്താവിനും നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 കറവ പശു വിതരണം സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ /പേര് | 91/2020 കറവപശു വിതരണം |
| അടങ്കൽ ₹ 4,95,000 | 55,000 വികസനഫണ്ട് ജനറൽ<br>4,40,000 ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹55,000 |
| ബിൽ നമ്പർ, തീയതി | 2/24-08-2019 ₹55,000 |

പ്രോജക്ട് പ്രകാരം കറവപശു വാങ്ങിയതിന് ശ്രീ മോഹനൻ, ശ്രീ രാജീവൻ എന്നിവർക്ക് ₹27,500 വീതം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

സ. ഉ. (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.2.1 ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1-ഉരുക്കളെ 3 വർഷമെങ്കിലും വളർത്തുമെന്നുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല.

2-പർച്ചേസിംഗ് നടപടിക്രമങ്ങൾ പാലിക്കാതെ ഗുണഭോക്താവ് നേരിട്ട് വാങ്ങുകയാണ് ചെയ്തത്

3-ഉരുക്കൾ ആരിൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്ന നിർദ്ദേശം പാലിക്കാതെ ഗുണഭോക്താവിന്റെ അക്കൗണ്ടിലാണ് നൽകിയത്. അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/11.03.2022) ഈറോഡ് കാലിച്ചന്തയിൽ നിന്നാണ് ഉരുക്കളെ വാങ്ങിയതെന്നും, മൊത്തം പണം നൽകിയാൽ മാത്രമേ ഉരുക്കളെ ചന്തയിൽ നിന്ന് ലഭിക്കുകയുള്ളുവെന്നും അതിനാലാണ് ഗുണഭോക്താവിന്റെ

അക്കൗണ്ടിൽ തുക കൈമാറിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ /പേര് | 28/2020 പാലിന് സബ്സിഡി |
| അടങ്കൽ | ₹ 7,00,000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹7,00,000 |
| ബിൽ നമ്പർ തീയതി | 4/30-10-2019 ₹7,00,000 |

1- പ്രോജക്ട് പ്രകാരം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ₹7,00,000 രൂപ ബ്ലോക്കിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ എല്ലാ വരവുകളും ചെലവുകളും രേഖപ്പെടുത്തേണ്ടതാണ്.

2-ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടില്ല. വിനിയോഗിക്കാത്ത തുക തിരിച്ചടിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക | വിനിയോഗിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | എരഞ്ഞോളി | 1,00,000 | 90903 | 9097 |
| 2 | ധർമ്മടം | 2,00,000 | 1,69,405 | 30595 |

വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

3- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

പാലിന് സബ്സിഡി നൽകുന്നതിന് പിണറായി ഗ്രാമ പഞ്ചായത്തിന് ₹1,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-14 ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ മുച്ചക്ര വാഹനം - കരാറിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ, തലശ്ശേരി |
| പ്രോജക്ട് നമ്പർ /പേര് | 88/2020 ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ മുച്ചക്രവാഹനം |
| അടങ്കൽ | ₹ 3,20,000 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹ 3,20,000 |
| ബിൽ നമ്പർ തീയതി (ACR പ്രകാരം) | 5/31-01-2020 ₹2,24,000<br>6/31-01-2020 ₹96,000 |

പ്രോജക്ട് പ്രകാരം ഭിന്നശേഷിക്കാരായ 4 പേർക്ക് സൈഡ് വീലോടു കൂടിയ മുച്ചക്ര വാഹനം വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി തയ്യാറാക്കിയ കരാർ പ്രകാരം വാഹനം കൈമാറി 45 ദിവസത്തിനകം ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ്, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുമെന്ന വ്യവസ്ഥപാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| 1 | നിതിൻ എൻ കെ | ഡ്രൈവിംഗ് ലൈസൻസ് |
| 2 | വത്സരാജ് വി കെ | ഡ്രൈവിംഗ് ലൈസൻസ് |

| | | |
|---|---|---|
| 3 | ഷക്കീർ കെ | ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |

രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18-03-2022) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ലൈസൻസ്, രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതും മുച്ചക്ര വാഹനത്തിന്റെ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ, തലശ്ശേരി |
| പ്രോജക്ട് നമ്പർ /പേര് | 26/2020 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹ 6,16,502 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹ 6,16,502 |
| ബിൽ നമ്പർ തീയതി | 2/15-09-2019 ₹6,16,502 |

പ്രോജക്ട് പ്രകാരം ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ₹6,16,502 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവദിച്ചിട്ടുണ്ട്. തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അനുവദിച്ച തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | 2,16,502 | സെക്രട്ടറി, മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് |
| 2 | 1,00,000 | സെക്രട്ടറി, ന്യൂമാഹി ഗ്രാമ പഞ്ചായത്ത് |
| 3 | 3,00,000 | സെക്രട്ടറി, ധർമ്മടം ഗ്രാമ പഞ്ചായത്ത് |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതും വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-16 ഡി ടി പി സെന്റർ നിലവിലുള്ള സഹകരണ സ്ഥാപനത്തിന് സബ്സിഡി അനുവദിച്ചതിലെ അപാകങ്ങൾ - ₹ 3,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ<br>തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ /പേര് | 3/2020 ഡി ടി പി സെന്റർ |
| അടങ്കൽ | ₹ 3,00,000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹ 3,00,000 |
| ബിൽ നമ്പർ തീയതി | 2/21-01-2020 |

പ്രോജക്ട് പ്രകാരം സഹകാരി ഡി ടി പി സെന്ററിന്, ഡി ടി പി സെന്റർ ആരംഭിക്കുന്നതിനായി വായ്പ ബന്ധിത പ്രോജക്ടിൽ ഉൾപ്പെടുത്തി ₹3,00,000 ബാക്ക് എൻഡഡ് സബ്സിഡിയായി പിണറായി സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.4 പ്രകാരം 18 വയസിനും 60 വയസിനും ഇടയിലുള്ള തൊഴിൽരഹിതർക്കായിരിക്കണം സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ പ്രോജക്ട് പ്രകാരം സബ്സിഡി അനുവദിച്ചത് 33 വർഷത്തിൽ അധികമായി പ്രവർത്തിച്ച് വരുന്ന പിണറായി വുമൺ മൾട്ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിലെ ജീവനക്കാർക്കാണ്. സഹകരണ സ്ഥാപനത്തിലെ ജീവനക്കാർക്ക് സബ്സിഡി അനുവദിച്ചത് മാർഗ്ഗരേഖക്ക് അനുസൃതമല്ല.

2- സഹകാരി ഡി ടി പി സെന്റർ എന്ന സ്ഥാപനത്തിന്റെ ബോർഡ് സ്ഥാപിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ധനസഹായം ലഭിച്ചവിവരം പ്രദർശിപ്പിച്ചിട്ടില്ല.

3- സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ തീയതി 29-01-2018 ഖണ്ഡിക 11.3 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രൂപ്പ് സംരഭത്തിന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്.

4- ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

5-സഹകാരി ഡി.ടി.പി. സെന്റർ പ്രവർത്തിക്കുന്നത് പിണറായി ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടു കൂടിയാണോ എന്ന് വ്യക്തമല്ല.

6- പ്രോജക്ട് റിപ്പോർട്ട് ഫയലിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7- പ്രോജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/23-03-2022)ന് മറുപടി നൽകിയിട്ടില്ല.

അപാകങ്ങൾ കാരണം ₹300000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. മാർഗ്ഗരേഖക്ക് അനുസൃതമല്ലാതെ സബ്സിഡി അനുവദിച്ചതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. ഇല്ലെങ്കിൽ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-17 ചക്ക സംസ്കരണ യൂണിറ്റ് പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ-₹ 8,20,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ,<br>തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ /പേര് | 01/2020 ചക്ക സംസ്കരണ മൈക്രോ യൂണിറ്റ് |
| അടങ്കൽ | ₹ 16,49,000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹ 8,20,000 |
| ബിൽ നമ്പർ തീയതി | 05/21-01-2020 ₹2,05,000<br>04/21-01-2020 ₹2,05,000<br>03/21-01-2020 ₹2,05,000<br>06/21-01-2020 ₹2,05,000 |

പ്രോജക്ട് പ്രകാരം നൻമ, വിനായക, പഞ്ചമം, ഹരിത എന്നീ ഗ്രൂപ്പുകൾക്ക് ചക്ക സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിന് ₹2,05,000 വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1-സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ തീയതി 29-01-2018 ഖണ്ഡിക 11.3 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രൂപ്പ് സംരഭത്തിന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്.

2- ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ധനസഹായം ലഭിച്ചവിവരം പ്രദർശിപ്പിച്ചിട്ടില്ല. സ്ഥാപനത്തിന്റെ ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല.

3- ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4-വിനായക സ്വയം സഹായ സംഘം ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല.

5 –ചക്ക സംസ്കരണ യൂണിറ്റുകൾ ഗ്രാമപഞ്ചായത്ത് ലൈസൻസ്, ഭക്ഷ്യ സുരക്ഷാ ലൈസൻസ് എന്നിവയോട് കൂടിയാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല.

6- പ്രോജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല. ഇത് കാരണം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/23-03-2022) മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ കാരണം ₹8,20,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതും യൂണിറ്റുകൾ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 വിവിധ ഉൽപാദന യൂണിറ്റുകൾ - പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ /പേര് | 4/2020 വിവിധ ഉൽപാദന യൂണിറ്റുകൾ |
| അടങ്കൽ | ₹6,00,000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹2,00,000 |
| ബിൽ നമ്പർ തീയതി | 01/21-01-2020 |

പ്രോജക്റ്റ് പ്രകാരം സഹകാരി യുവ സ്വയം സഹായ സംഘത്തിന് വാടക സാധന യൂണിറ്റ് ആരംഭിക്കുന്നതിനായി ₹2,00,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.4 പ്രകാരം പൊതുവിഭാഗത്തിൽ ഗ്രൂപ്പ് സംരഭങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും മാത്രമാണ് ഏറ്റെടുക്കാവുന്നതെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

2-ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് യൂണിറ്റുകൾക്ക് ധനസഹായം ലഭിച്ചവിവരം പ്രദർശിപ്പിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല.

3-ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല

4- പ്രോജക്റ്റ് റിപ്പോർട്ട് ഫയലിൽ ഇല്ല.

5 –ഗ്രാമപഞ്ചായത്ത് ലൈസൻസോട് കൂടിയാണോ യൂണിറ്റ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല

6- പ്രോജക്റ്റ് മോണിറ്ററിംഗ് നടത്തിയിട്ടില്ല. ഇത് കാരണം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/23-03-2022) മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ കാരണം ₹ 2,00,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതും യൂണിറ്റുകൾ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ഐ.കെ.എം.ന് പ്രവർത്തന ഫണ്ട് വകയിരുത്തൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 13/20 ഐ.കെ.എം.ന് പ്രവർത്തന ഫണ്ട് വകയിരുത്തൽ 2019-20 |
| അടങ്കൽ | ₹35,898 വികസനഫണ്ട് (ജനറൽ) |
| ചെലവ് | ₹35,898 വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ& തീയ്യതി | 52/2019-20, 26-07-2019 |

മേൽ പ്രോജക്റ്റ് പ്രകാരം ഐ.കെ.എം.ന്റെ 57047023512 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് 35,898 രൂപ 26-07-2019 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇതേവരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച്, ആയത് പരിശോധനക്കായി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 07-03-2022 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 471/22. തീയതി: 03.06.2022. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 4.72 എ | 1998-99 | 40 | കുരുമുളക് കൃഷി വികസനം – വിനിയോഗിക്കാത്ത ചെലവ് | നില നിൽക്കുന്നു |
| 1999-2000 | 4.72 ബി | 1998-99 | 33 | വില നൽകിയ സി എഫ് ലാമ്പുകൾ ലഭ്യമാക്കാത്തത് | നില നിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2011-12 | 2-7 | 2008-09 | 3-4 | പിണറായി ഗ്രാമ പഞ്ചായത്തിലെ വയോജന വിശ്രമകേന്ദ്രം -നിഷ്ക്രിയ ആസ്തി | നില നിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹36872752 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹37683942 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹13,52,200 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 32,200 | ശ്രീ.ജയ് മോൻ എബ്രഹാം , ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. |
| 1-16 | 3,00,000 | ശ്രീ.സതീശൻ കോടഞ്ചേരി, വ്യവസായ വികസന ഓഫീസർ |
| 1-17 | 8,20,000 | ശ്രീ.സതീശൻ കോടഞ്ചേരി, വ്യവസായ വികസന ഓഫീസർ |
| 1-18 | 2,00,000 | ശ്രീ.സതീശൻ കോടഞ്ചേരി, വ്യവസായ വികസന ഓഫീസർ |
| ആകെ | 13,52,200 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ.ജയ് മോൻ എബ്രഹാം, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ലഭ്യമല്ല | വാഴത്തറ ഹൗസ് തെള്ളകം, കോട്ടയം |
| ശ്രീ.സതീശൻ കോടഞ്ചേരി, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, താലൂക്ക് വ്യവസായ വികസന ഓഫീസ്, തലശ്ശേരി. | 'റോസ്' , കോട്ടം, പി.ഒ.മുണ്ടല്ലൂർ, പിൻ-670622 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 2 |
| 2005-06 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 2 |
| 2007-08 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 2 |
| 2008-09 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 3 |
| 2009-10, 2010-11 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 4 |
| 2011-12. 2012-13 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 4 |
| 2013-14, 2014-15 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 4 |
| 2015-16 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 5 |
| 2016-17 | കെഎസ്എ/കെഎൻആർ/സി7/723/2019 തീയതി 30.05.2019 | 4 |
| 2017-18 | കെഎസ്എ/കെഎൻആർ/സി7/1914/2018 തീയതി 05.07.2019 | 12 |
| 2018-19 | കെഎസ്എ/കെഎൻആർ/സി7/1914/2018 തീയതി 05.07.2019 | 22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3-1

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Thalassery Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14369742.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 5616.00 |
| 150000000 | Sale & Hire Charges | RP-5 | 52134.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35463393.00 |
| 171000000 | Interest Earned | RP-9 | 13486.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 569620.00 |
| 350000000 | Other Liabilities | RP-36 | 75000.00 |
| | Non Operating | | |
| 310000000 | Panchayat Fund | RP-28 | 0.0 |
| 350000000 | Other Liabilities | RP-36 | 26731.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 114630.00 |
| 460000000 | Loans, Advances and Deposits | RP-47 | 552142.00 |
| | Grand total | | 51242494.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3912189.00 |
| 220000000 | Administrative Expenses | RP-12 | 853779.00 |
| 230000000 | Operations & Maintenance | RP-13 | 291280.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4984023.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17011402.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 95947.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 199531.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 100000.00 |
| 255000000 | Maintenance Projects | RP-20 | 2378726.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 7500.00 |
| 280000000 | Prior Period item | RP-26 | 0.0 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1966511.00 |
| 350000000 | Other Liabilities | RP-36 | 198629.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 49.00 |
| 350000000 | Other Liabilities | RP-36 | 25291.00 |
| 410000000 | Fixed Assets | RP-38 | 748040.00 |
| 412000000 | Capital work in Progress | RP-40 | 4755470.00 |
| 460000000 | Loans, Advances and Deposits | RP-47 | 155575.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13558552.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 51242494.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Thalassery Block Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 170880.00 |
| 140000000 | Fee & User Charges | I-4(b) | 5616.00 |
| 150000000 | Sale & Hire Charges | I-5(b) | 52134.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 32865642.00 |
| 171000000 | Interest Earned | I-8 | 13486.00 |
| | Total Income | | 33107758.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2215772.00 |
| 220000000 | Administrative Expenses | I-11(b) | 928779.00 |
| 230000000 | Operations & Maintenance | I-12(b) | 291280.00 |
| 240000000 | Interest & Finance Charges | I-13 | 49.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4984023.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18191882.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1095947.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 199531.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 100000.00 |
| 255000000 | Maintenance Projects | I-14(e) | 2378726.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 7500.00 |
| 272000000 | Depreciation | I-17(a) | 1079957.00 |
| | Total Expenditure | | 31473446.00 |
| | Gross Surplus/ Deficit of income over Expenditure | | 1634312.00 |
| 280000000 | Prior Period Item | I-18 | -572722.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2207034.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Thalassery Block Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20840395.00 |
| 312000000 | Reserves | B-3 | 21635699.00 |
| | Total Reserve & Surplus | | 42476094.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2890923.00 |
| | Total Grants, Contributions for Specific Purposes | | 2890923.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 213581.00 |
| 350000000 | Other Liabilities | B-9 | 118440.00 |
| | Total Current Liabilities and Provisions | | 332021.00 |
| | TOTAL LIABILITIES | | 45699038.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 36478616.00 |
| 411000000 | Accumulated Depreciation | B-11 | -5120132.00 |
| 412000000 | Capital Work in Progress | B-11(a) | 99000.00 |
| | Total Fixed Assets | | 31457484.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 113110.00 |
| 450000000 | Cash and Bank Balance | B-17 | 13558552.00 |
| 460000000 | Loans, Advances and Deposits | B-18 | 569892.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 14241554.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 45699038.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.